**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4817** **01-11-2021 - ൽ മറുപടിയ്ക്ക്**

**വിശ്രമ മന്ദിരങ്ങളും പരിസരവും മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിന് പുതിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ കെ യു ജനീഷ് കുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമ മന്ദിരങ്ങളും പരിസരവും മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമമന്ദിരങ്ങളും പരിസരവും മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിന്റെ ഭാഗമായി 2021 ഒക്ടോബർ 2-ാം തീയതി എല്ലാ റെസ്റ്റ് ഹൗസുകളിലും MGNREA-യുമായി സംയോജിച്ച് വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ നട്ട് റെസ്റ്റ് ഹൗസ് പരിസരം ഹരിതാഭമാക്കുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമമന്ദിരങ്ങളുടെ പരിസരം മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിലേയ്ക്കായി കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് സ്ഥിരം സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എത്ര കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനും സാധിക്കുമെന്നാണ് വിലയിരുത്തുന്നത്; വ്യക്തമാക്കാമോ; | (ബി) | കുടുംബശ്രീയും, തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ നിരന്തര പരിപാലനത്തിലൂടെ എല്ലാ വിശ്രമമന്ദിരങ്ങളും മനോഹരമായും ഹരിതാഭമായും പരിപാലിക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എത്ര തുക ചെലവ് വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നടത്തുവാൻ ആലോചിക്കുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകില്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ടൂറിസം സാധ്യതയുള്ള മേഖലകളിലെ റെസ്റ്റ്ഹൗസുകൾ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ